**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2098** **09-12-2022 - ൽ മറുപടിയ്ക്ക്**

**'ഗ്രാമവണ്ടി' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ പുതുതായി ആരംഭിച്ച 'ഗ്രാമവണ്ടി' പദ്ധതി ഏതൊക്കെ പഞ്ചായത്തുകളിലാണെന്നും എത്ര ബസുകൾ ഈ പദ്ധതിക്കുവേണ്ടി മാറ്റി സർവ്വീസ് നടത്തിയിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | 29.07.2022-ൽ ‘ഗ്രാമവണ്ടി’ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലെ കൊല്ലയിൽ പഞ്ചായത്തിലും, തുടർന്ന് 19.08.2022-ന് തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്ത്, 03.09.2022-ന് കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്ത്, 06.10.2022-നും 25.11.2022-നും കോട്ടയം ജില്ലയിലെ കടുത്തുരുത്തി പഞ്ചായത്തിൽ രണ്ട് സർവ്വീസുകളും, 21.10.2022-ന് മലപ്പുറം ജില്ലയിലെ എടവണ്ണ പഞ്ചായത്ത്, 05.11.2022-ന് ആലപ്പുഴ ജില്ലയിലെ പത്തിയൂർ പഞ്ചായത്ത്, 25.11.2022-ന് കൊല്ലം ജില്ലയിലെ കൊല്ലം കോർപ്പറേഷൻ, 01.12.2022-ന് തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാൽ പഞ്ചായത്ത്, 03.12.2022-ന് എറണാകുളം ജില്ലയിലെ ചേന്ദമംഗലം പഞ്ചായത്ത് എന്നീ സ്ഥലങ്ങളിൽ ജില്ലാതല ഉദ്ഘാടനവും നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ 10 ബസ്സുകൾ ഇതിനായി നൽകിയിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി നിലവിൽ നടത്തുന്ന സർവ്വീസ് ഒന്നും തന്നെ മാറ്റി നൽകിയിട്ടില്ല. |
| (ബി) | ഇതുവരെ എത്ര ലക്ഷം രൂപയുടെ നിക്ഷേപം ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ഇതിനായി ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | നിലവിൽ ആരംഭിച്ച 10 സർവ്വീസുകൾക്കായി 10 ലക്ഷം രൂപയും, ഇനിയും നടപ്പിലാക്കുന്നതിനായി മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഒരു ലക്ഷം രൂപ അടക്കം 11 ലക്ഷം രൂപ നിക്ഷേപ ഇനത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിച്ചിട്ടുണ്ട്. |
| (സി) | ഏതെങ്കിലും ബഹുമതികളോ അംഗീകാരങ്ങളോ ഈ പദ്ധതിക്ക് ഇതിനോടകം ലഭിച്ചിട്ടുണ്ടോ? | (സി) | ഉണ്ട്.<br><br>കെ.എസ്.ആർ.ടി.സി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ആരംഭിച്ച ഗ്രാമവണ്ടി പദ്ധതിയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ പുരസ്കാരം 06.11.2022-ന് ലഭ്യമായിട്ടുണ്ട്. ഏറ്റവും |

| | | | |
|---|---|---|---|
| | | | മികച്ച പൊതുജന പങ്കാളിത്തത്തോടെയുള്ള ഗതാഗത ആസൂത്രണ വിഭാഗത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ആരംഭിച്ചതും നഗരഗതാഗതവുമായി ബന്ധിപ്പിച്ചുമുള്ള ഗ്രാമവണ്ടി പദ്ധതിയ്ക്ക്, ഏറ്റവും മികച്ച നഗരഗതാഗത പുരസ്കാരമാണ് (Award of Excellence in Urban Transport) ലഭിച്ചത്. ഈ പദ്ധതി നൂതന സംരംഭവും മാതൃകാപരവും ആണെന്ന് വിശേഷിപ്പിക്കുകയുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ